# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1831** — **22-03-2012-ൽ മറുപടിയ്ക്ക്**

### ആറ്റിങ്ങൽ ഡി.വൈ.എസ്.പി ഓഫീസിന് മുന്നിലെ പിടിച്ചെടുത്ത വാഹനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ: | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ആറ്റിങ്ങൽ കോടതിയോടും താലൂക്ക് ഓഫീസിനോടും ഇലക്ട്രിസിറ്റി ഓഫീസിനോടും ചേർന്ന് ഡി.വൈ.എസ്.പി ഓഫീസിന് മുന്നിൽ പോലീസ് പലപ്പോഴായി പിടിച്ചെടുത്ത വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ബി) ഇത് നീക്കം ചെയ്തോ, ലേലം ചെയ്ത് വിറ്റോ പ്രസ്തുത സ്ഥലം പൊതുആവശ്യത്തിന് ഉപയോഗിക്കുവാൻ പറ്റുന്ന രീതിയിലാക്കാൻ നടപടി സ്വീകരിക്കാമോ? | (എ) യും (ബി) ഡി.വൈ. എസ്.പി ഓഫീസിന് മുമ്പിൽ റോഡിനു വശങ്ങളിലായി സൂക്ഷിച്ചിട്ടുള്ള പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. മണൽ നിറച്ച വാഹനങ്ങൾ നീക്കം ചെയ്യുവാൻ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നല്കിയിട്ടുള്ളതും, ബാക്കിയുള്ളവയിൽ കോടതി തീർപ്പുകല്പിക്കാനുള്ളവയിൽ ഒഴികെയുള്ളവ KP Act 56 (2) (1)-ാം ഉപവകുപ്പു പ്രകാരം വിപണി വില തിട്ടപ്പെടുത്തി KP Act 56 (4) (1) -ാം വകുപ്പു പ്രകാരം ലേലം ചെയ്ത് വില്ക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ